# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 3132** 22.06.2012 ൽ മറുപടിയ്ക്ക്

## 'കില'യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ഡോ: എം.കെ. മുനീർ (ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധങ്ങളായ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പരിശീലനത്തിൽ ഗുണമേന്മ ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പരിശീലനത്തിനുപുറമെ കൺസൾട്ടൻസി, ഗവേഷണം തുടങ്ങിയ പ്രവർത്തനങ്ങളും കില ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. കിലയെ ഒരു ഡീംഡ് യുണിവേഴ്സിറ്റി ആക്കാനുള്ള നടപടികൾ നടന്നു വരുന്നു. പ്രാദേശിക ഭരണത്തിൽ വിവിധ കോഴ്സുകൾ നടത്തുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിനുവേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| ബി) മുൻ വർഷം ഇവിടെ നടന്ന പരിശീലനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | മുൻ വർഷത്തിൽ നടന്ന പരിശീലനങ്ങളിൽ ഗ്രാമസഭാ പരിശീലന പരിപാടിയും സദ്ഭരണ പരിശീലന പരിപാടിയുമായിരുന്നു പ്രധാനം. ഗ്രാമസഭ പരിശീലനത്തിനായി സംസ്ഥാനതലത്തിൽ 890 മാസ്റ്റർ ട്രെയിനർമാരെയും 10255 ബ്ലോക്ക്തല പരിശീലകരേയും 102550 പഞ്ചായത്ത്തല ഫെസിലിറ്റേറ്റർമാരെയും 2052256 ഗ്രാമസഭാംഗങ്ങളെയും |

പരിശീലിപ്പിച്ചു. 2011 ഡിസംബർ 18 മുതൽ 2012 ഫെബ്രുവരി 28 വരെയുള്ള കാലയളവിലാണ് കേരളത്തിലുടനീളം ഗ്രാമസഭാ പരിശീലനം നടത്തിയത്. കൂടാതെ സദ്ഭരണ പരിശീലനം ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കുമായി നടത്തി. ഡബിൾ എൻട്രി സാംഖ്യ സോഫ്റ്റ് വെയർ ഇനത്തിൽ ഉദ്യോഗസ്ഥർക്കും പരിശീലന പരിപാടി നടത്തിയിട്ടുണ്ട്. കൂടാതെ വനിതാ ജനപ്രതിനിധികൾക്കു വേണ്ടി നേതൃത്വ പരിശീലനവും പൂർത്തിയാക്കി. സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കും മെമ്പർമാർക്കുമുള്ള പരിശീലന പരിപാടികൾ, സന്നദ്ധ പ്രവർത്തകർക്കുള്ള പ്രത്യേക പരിശീലനം തുടങ്ങിയവ നടത്തിയിട്ടുണ്ട്. വിവിധ വിഷയാധിഷ്ഠിത (ഉദാ: കൃഷി) പരിശീലനങ്ങളും നടത്തി. ശിശു -സൗഹൃദ പഞ്ചായത്തുകൾ എന്ന ലക്ഷ്യത്തോടെ അഞ്ച് ജില്ലകളിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് പ്രത്യേക പരിശീലന പരിപാടിയും നടത്തി. മാധ്യമപ്രവർത്തകർക്കും രാഷ്ട്രിയപ്രതിനിധികൾക്കും അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ഓറിയന്റേഷൻ പരിപാടികൾ നടത്തിയിരുന്നു. കൂടാതെ മാതൃകാ പഞ്ചായത്ത് പ്രോത്സാഹന പരിപാടിയും ഒരു പഞ്ചായത്തിലെ നല്ല കാര്യങ്ങൾ മറ്റു പഞ്ചായത്തുകളിൽ വ്യാപിപ്പിക്കുന്ന 'പഞ്ചായത്തുകളിൽ നിന്നും പഞ്ചായത്തുകളിലേയ്ക്ക് ' എന്ന പരിപാടിയും സംഘടിപ്പിക്കുകയുണ്ടായി. പഞ്ചായത്ത് സെക്രട്ടറി മാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, ലോവർ ഡിവിഷൻ ക്ലർക്കുമാർ എന്നിവർക്കുള്ള പരിശീലനവും നടത്തിയിരുന്നു.

അണ്ടർ സെക്രട്ടറി